# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1418     02.03.2017-ൽ മറുപടിയ്ക്ക്**

**ആറാട്ടുപ്പുഴ തറയിൽകടവ് ഫിഷറീസ് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ആറാട്ടുപ്പുഴ തറയിൽകടവ് ഫിഷറീസ് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ആറാട്ടുപ്പുഴ തറയിൽകടവ് ഫിഷറീസ് ആശുപത്രി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ആരോഗ്യവകുപ്പിന് കൈമാറിയിട്ടുള്ളതും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഇതിനോടനുബന്ധിച്ചിട്ടുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഫിഷറീസ് വകുപ്പ് മുഖേന നിർമ്മാണം നടത്തുന്നവയല്ല. സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ പി.ഡബ്ല്യൂ.ഡി മുഖേനയാണ് ഈ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. |
| ബി) ആവശ്യമായ ഫണ്ട് അനുവദിച്ച് പ്രസ്തുത ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) ഈ വിഷയത്തിൽ ആരോഗ്യവകുപ്പാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്. |

സെക്ഷൻ ആഫീസർ